**കേരള സർക്കാർ**

നം.667/ഡി.ബി.1/2018/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്,
തിരുവനന്തപുരം, തീയതി, 07.11.2018

# സർക്കുലർ

**വിഷയം:** തദ്ദേശസ്വയംഭരണ വകുപ്പ് - നവകേരളം കർമ്മ പദ്ധതി - ലൈഫ് മിഷന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും അടിസ്ഥാനപ്പെടുത്തി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

2018 ജൂലൈ 30-ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ലൈഫ് മിഷന്റെ സംസ്ഥാന മിഷൻ സമിതി യോഗത്തിന്റെ നടപടി കുറിപ്പിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ്/സ്ഥാപന തലത്തിൽ ലൈഫ് മിഷന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും അടിസ്ഥാനപ്പെടുത്തി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സർക്കാർ ധസഹായം കൈപ്പറ്റുകയും വീട്ടു പൂർത്തീകരിക്കാതിരിക്കുകയും ചെയ്തിട്ടുള്ള ഭവനങ്ങളിൽ ഫീൽഡിൽ കണ്ടെത്താനാകാതെ പോയിട്ടുള്ള പതിനൊന്നായിരത്തിൽപ്പരമുള്ള ഗുണഭോക്താക്കളെക്കുറിച്ച് പരിശോധന ഉണ്ടാകണം. ഇവരിൽ അനർഹരായവർ സർക്കാർ ധനസഹായം കൈപ്പറ്റിയിട്ടുള്ളവയോ, ലഭിച്ച ധനസഹായം വീട്ടു നിർമ്മാണത്തിനല്ലാതെ ധൂർത്തടിക്കപ്പെട്ടിട്ടുള്ളവയോ ഉണ്ടെങ്കിൽ നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കാനുള്ള പ്രവർത്തന പരിപാടി തയ്യാറാക്കേണ്ടതാണ്. പൂർത്തിയാകാത്ത വീട്ടു പൂർത്തീയാക്കാൻ ലൈഫ് മിഷൻ ഒന്നാം ഘട്ട പദ്ധതിയുടെ കീഴിൽ വീണ്ടും ഒരു ഗഡുകൂടി ധനസഹായം വാങ്ങുകയും, അതിനുശേഷവും നാളിതുവരെ വീട്ടുപണി പുന:രാരംഭിക്കാതിരിക്കുകയും ചെയ്തിട്ടുള്ളവരുടെ കാര്യം കൂടുതൽ ഗൗരവപൂർവ്വം തന്നെ കാണേണ്ടതുണ്ട്. ഇത്തരത്തിൽ നിരുത്തരവാദ പൂർണ്ണമായ സമീപനം എടുത്തിട്ടുള്ളവരിൽ നിന്നും നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കാനും മേലിൽ ഒരു സർക്കാർ ഭവനവത്ക്കരണ പദ്ധതിയിലും അവരെ പരിഗണിക്കാതിരിക്കാനുമുള്ള പ്രവർത്തന പരിപാടി തയ്യാറാക്കേണ്ടതാണ്.

2. അതേ സമയം, അവസാന ഘട്ടത്തിലെത്തിയിട്ടുള്ള ഭവന പൂർത്തീകരണ പദ്ധതിയിൽ, വീട്ടുനിർമ്മാണം മുന്നോട്ടു കൊണ്ടുപോകുന്നതിന് ധനവിഭവത്തിന് ഉപരിയായ കൈത്താങ്ങ് ആവശ്യമുള്ളവരായി കണ്ടെത്തിയിട്ടുള്ള ഏകദേശം 2500 കുടുംബങ്ങളുടെ പ്രശ്ന പരിഹാരത്തിന് ജനകീയ ഇടപെടൽ പ്രവർത്തനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.

3. ഭൂമിയുള്ള ഭവനരഹിതരുടെ ലൈഫ് ഗുണഭോക്തൃപ്പട്ടികയിൽ റേഷൻകാർഡ് ഇല്ല എന്ന ഏക കാരണം കൊണ്ട് ഒഴിവാകുന്നു എന്നു റിപ്പോർട്ടു ചെയ്യുന്നവരുടെ പട്ടിക സിവിൽ സപ്ലൈസ് വകുപ്പ് ശേഖരിച്ചിട്ടുള്ള ഒരു റേഷൻ കാർഡിലും പേരില്ലാത്തവരുടെ പട്ടികയുമായി താരതമ്യപ്പെടുത്തി അവരുടെ അർഹത ഉറപ്പാക്കുകയും അങ്ങനെ അർഹത ഉറപ്പാകുന്നവർക്ക് ധനസഹായം നൽകുകയും ചെയ്യാവുന്നതാണ്.

4. എല്ലാ അണുകുടുംബങ്ങൾക്കും വീട്ടു നൽകുന്നതിനുള്ള ധനലഭ്യത സംസ്ഥാനത്തിനില്ലാത്തതിനാൽ, ഗുണഭോക്താവിന് റേഷൻകാർഡ് ഉണ്ടായിരിക്കുകയും അതിൽ

ഉൾപ്പെട്ട മറ്റൊരാൾക്ക് വീടുണ്ടായിരിക്കുകയും ചെയ്യുന്നു എങ്കിൽ പ്രസ്തുത ഗുണഭോക്താക്കളെ ഭവന നിർമ്മാണ ധനസഹായത്തിനു പരിഗണിക്കേണ്ടതില്ല.

5. സ്വന്തമായി ഭൂമിയില്ലാത്തവരെ ലൈഫ് മിഷന്റെ രണ്ടാംഘട്ട പ്രവർത്തനത്തിൽ പരിഗണിക്കേണ്ടതില്ല. എന്നാൽ ഭൂമി സ്വന്തമല്ലെങ്കിലും, അവിടെ വീടുവച്ചു താമസിക്കാൻ ഭൂവുടമ നിയമാനുസൃതമായി നൽകിയിട്ടുള്ള അനുമതിപത്രത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃപ്പട്ടികയിലുള്ള ലൈഫ് മിഷൻ ഗുണഭോക്താവിന് കെട്ടിട നിർമ്മാണ അനുമതി (building permit) നൽകാവുന്നതാണ്.

6. ഓല, ഷീറ്റ്, പലക തുടങ്ങിയ ദുർബ്ബല വസ്തുക്കൾ കൊണ്ട് പകുതിയിലേറെ ഭാഗവും നിർമ്മിച്ച വാസയോഗ്യമല്ലാത്ത വീടു മാത്രമുള്ളവരെയാണ് ഭവനരഹിതരായി പരിഗണിക്കേണ്ടത്. ലൈഫ് മിഷൻ ലക്ഷ്യമാക്കുന്ന നിർധന വിഭാഗങ്ങളുടെ മേൽപ്പറഞ്ഞ വിധമുള്ളവയല്ലാത്തവ എങ്കിലും വാസയോഗ്യമല്ലാത്ത വീടുകളുടെ കാര്യത്തിൽ ആവശ്യമായ പുനരുദ്ധാരണപ്പണികൾ എന്തെന്നും അതിനുള്ള ചെലവും സാങ്കേതികമായി വിലയിരുത്തേണ്ടതാണ്. ഇതിനായി ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട, വാസയോഗ്യമല്ലാത്ത വീടുകളുടെ വിവരങ്ങൾ ലൈഫ് മിഷൻ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി ഉടനടി ശേഖരിക്കേണ്ടതും അവ സാങ്കേതികമായി വിലയിരുത്തുന്നതിനുള്ള പ്രവർത്തന പരിപാടി തയ്യാറാക്കേണ്ടതുമാണ്.

7. CRZ, നെൽവയൽ-തണ്ണീർത്തട നിയമ പരിധിയിൽ വരുന്ന ഭൂമി മാത്രമുള്ള ലൈഫ് ഗുണഭോക്താക്കൾക്ക് ലൈഫ് നിബന്ധന പ്രകാരമുള്ള 400 ച.അടി വീടുവയ്ക്കാൻ ബിൽഡിങ്ങ് പെർമിറ്റ് നൽകുന്നതിന്, കരാർ കാലതാമസവും ബുദ്ധിമുട്ടും ഒഴിവാക്കുന്നതിന് ഈ വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക്, അവർ മറ്റെല്ലാ വിധത്തിലും അർഹരാണെങ്കിൽ കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിനു തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരെ നിയമപരമായി അധികാരപ്പെടുത്താനുകുമോ എന്നത് ലൈഫ് മിഷൻ നിയമവകുപ്പുമായി ചേർന്ന് പരിശോധിച്ച് ഉറപ്പാക്കണം.

8. ഭൂമിയുള്ള ഭവനരഹിതർക്കുള്ള ഭവന ധനസഹായം പദ്ധതി തുടങ്ങിക്കഴിഞ്ഞാൽ ഇടയ്ക്കു മുടങ്ങാതെയിരിക്കുന്നതിന് സഹായകമായ ഒരു Bridge Loan സംവിധാനം രൂപീകരിക്കേണ്ടതാണ്. സഹകരണ ബാങ്കുകളിൽ നിന്ന് ഇതിനുള്ള ധനസമാഹരണം നടത്തുന്നത് അടക്കമുള്ള നടപടികൾ ലൈഫ് മിഷൻ ധനവകുപ്പുമായി ചർച്ച ചെയ്തു വേഗത്തിൽ തന്നെ തീരുമാനിക്കേണ്ടതാണ്.

9. കേന്ദ്ര ധനസഹായ പദ്ധതിയായ PMAY(അർബൻ)-ൽ ലൈഫ് മിഷൻ ഗുണഭോക്താക്കളല്ലാത്ത എഴുപത്തി അയ്യായിരത്തോളം പേരെ കൂട്ടിച്ചേർത്ത നടപടി PMAY ഗ്രാമീൺ പദ്ധതിയിൽ ആവർത്തിക്കാതിരിക്കാൻ PMAY ഗ്രാമീണ പദ്ധതിയിൽ ഗുണഭോക്താക്കളെ ലൈഫ് ഗുണഭോക്തൃപ്പട്ടികയിൽ നിന്നു മാത്രമേ തെരഞ്ഞെടുക്കാവൂ.

10. PMAY ഗ്രാമീൺ പദ്ധതിയിൽ ലൈഫ് ഗുണഭോക്തൃപ്പട്ടികയിലുൾപ്പെടാത്ത ആരെയെങ്കിലും ഉൾപ്പെടുത്തിയാൽ അവർക്ക് സംസ്ഥാന പദ്ധതി വിഹിതമോ വായ്പാ വിഹിതമോ ആയി അധിക ധനസഹായം ലഭ്യമാക്കാനുള്ള ഉത്തരവാദിത്തം സർക്കാരിന് ഉണ്ടായിരിക്കുന്നതല്ല.

13. ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയ്ക്കു പുറത്തു നിന്ന്, PMAY (അർബൻ)-ൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ വിശദമായ അർഹതാ പരിശോധന നടത്തേണ്ടതും അവരിൽ ആരെങ്കിലും സ്വന്തമായി വേറെ വീടുള്ളവരാണെങ്കിൽ അവർക്കു നൽകിയ ധനസഹായത്തുക പലിശയോടെ തിരികെ ഈടാക്കേണ്ടതുമാണ്. ഇക്കൊല്ലത്തെ മഴക്കെടുതിയിൽ വീടു നശിച്ചവരുടെ വിവരങ്ങൾ ഉടനേ ശേഖരിക്കുകയും, ഇവരുടെ വീടുകളുടെ സ്ഥിതി പരിശോധന വേഗത്തിൽ നടത്തി റിപ്പോർട്ടു ചെയ്യാൻ വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്യേണ്ടതാണ്. SRDF, CMDRF എന്നിവയിൽ നിന്നായി ഈ ഭവനങ്ങളുടെ

നവീകരണത്തിനുള്ള ഫണ്ട് ലഭ്യമാക്കാവുന്നതാണ്.

14. ഗ്രാമസഭ അംഗീകരിച്ച മുഖ്യലിസ്റ്റിലുണ്ടായിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാര ലിസ്റ്റിൽ പെടാതെപോയത്, ലൈഫ് ഭൂരഹിത ഭവനരഹിതരുടെ പട്ടികയിലുള്ളവരിൽ, പുതുതായി ഭൂമി കൈവശം വന്നവർ തുടങ്ങിയവരുടെ വിവരങ്ങൾ ശേഖരിക്കുകയും അവർ എല്ലാ നിർബന്ധിത രേഖകളും ഹാജരാക്കുന്നുവെങ്കിൽ ഇക്കൊല്ലം തന്നെ ധനസഹായത്തിന് അംഗീകാരം നൽകുകയും ചെയ്യാവുന്നതാണ്.

15. PMAY (അർബൻ) പദ്ധതിയിൽ വളരെ ഉയർന്ന എണ്ണം ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയതു മൂലം, വരും വർഷങ്ങളിൽ 20% പദ്ധതി വിഹിതം വായ്പാ തിരിച്ചടവിനു തികയാതെ വരുന്ന നഗരസഭകൾക്ക് തനതു ഫണ്ടിൽ നിന്ന് അടക്കം ബാക്കിത്തുക കണ്ടെത്തുന്നതിനുള്ള പ്രവർത്തന പരിപാടി കണ്ടെത്തേണ്ടതാണ്.

16. ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി തനതുഫണ്ടിൽ നിന്നോ, ലൈഫ് മിഷൻ പദ്ധതിക്കായി നിർബന്ധിതമായി മാറ്റി വച്ചിട്ടുള്ള 20%-ന് ഉപരിയായ പദ്ധതി വിഹിതമായോ ഫണ്ടു കണ്ടെത്താനാകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അതിനുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശം ലൈഫ് മിഷൻ തയ്യാറാക്കി നൽകേണ്ടതാണ്.

17. സപ്ളിമെന്ററി പട്ടികയിലുള്ള ഭൂമിയുള്ള ഭവന രഹിതരുടെ വിവരങ്ങൾ ഉടനെ ശേഖരിക്കുന്നതിനും കർശനമായ അർഹതാ പരിശോധന നടത്തി അർഹരായവരെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശം ലൈഫ് മിഷൻ തയ്യാറാക്കി നൽകേണ്ടതാണ്.

**പാറ്റ്സി സ്റ്റീഫൻ**
**ജോയിന്റ് സെക്രട്ടറി**
**അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് വേണ്ടി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യ ഡയറക്ടർ/ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം)
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ/റൂറൽ)യുടെ പി.എ.യ്ക്ക്